# അദ്ധ്യായം-15

മഹോപദ്രവ കാലഘട്ടത്തിൽ ഭൂമിയിൽ നടക്കുന്ന മൂന്ന് സംഭവപരമ്പരകളാണ് (a) ഏഴ് മുദ്രകൾ, (b) ഏഴ്കാഹളങ്ങൾ, (c) ഏഴ് ക്രോധകലശങ്ങൾ ഒടുക്കത്തെ ബാധയുമായി നിൽക്കുന്ന ഏഴ് ദൂതൻമാരെ തന്റെ സ്വർഗ്ഗീയ ദർശനത്തിൽ യോഹന്നാൻ കാണുന്നു. ഈ അടയാളം വലുതും , അത്ഭുതവുമായത് എന്തുകൊണ്ട്? - കാരണം ഇത് അത്രമാത്രം ഭയങ്കരമാണ്.

| |
|---|
| ദൈവക്രോധം ഭയാനകമാണ്. (സങ്കീ 79:6 ) |
| സെഫ (3:1-8) ( ഈ ഭാഗം ദയവായി വയിക്കുക) |

**യോഹന്നാൻ മുൻപ് കണ്ട ദർശനങ്ങൾ**

1. Woman and her man child (Rev: 12:1)
2. Great red dragon (Rev: 12:3)

**തുടർന്ന് യോഹന്നാൻ കണ്ട സ്വർഗ്ഗീയ ദൃശ്യം**

**തീ കലർന്ന പളുങ്കുകടൽ (വെളി: 15:2)**

വെളിപാട് (4:6) ൽ കണ്ട പളുങ്കു കടൽ തീ നിറമാകുവാൻ കാരണമെന്ത്?

അഗ്നിശോധനയിൽ വിജയികളായവർ ഇതിന്റെ കരയിൽ നിന്നപ്പോൾ , കണ്ണാടിക്കടലിൽ അവരുടെ നിറം പ്രതിബിംബിച്ചതാണ് തീനിറമാകുവാൻ കാരണം.ഇവർ എങ്ങനെയാണ് വിജയികളായത്?

1. മൃഗത്തെ ഇവർ നമസ്ക്കരിച്ചില്ല.
2. മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിച്ചില്ല.
3. മൃഗത്തിന്റെ സംഖ്യ സ്വീകരിച്ചില്ല. വെളി : (15:2)

ഈ വിജയം ഇവർക്ക് നൽകിയത് ആത്മീയ അറിവ് ലഭിച്ചതുമൂലമാണ്. (യിരെ :9:23,24)

(ഹോശയാ 6:1-3)

ആത്മീയ അറിവ് തെറ്റ് ചെയ്യാതിരിപ്പാൻ നമ്മെ സഹായിക്കുന്നു. യോഹ :(8:31,32)

തീകലർന്ന പളുങ്കു കടലിനരികെ നിന്നവർ പാടിയപാട്ട് (വെളി:( 15:2,3)

(മോശയുടെ പാട്ട് - (പുറ 15 :1-21)- ദൈവിക പ്രതികാരത്തിനും ശിക്ഷ നടപ്പാക്കിയതിനുമുള്ള നന്ദി )

കുഞ്ഞാടിന്റെ പാട്ട് - ദൈവകൃപയുടെ പാട്ട്

സാത്താന്റെ മേൽ ജയം നേടിയ കുഞ്ഞാടിന്റെ പാട്ട് വിജയഗീതമാണ്.

സ്വർഗീയ ആരാധന - വെളി :(15:3)

ആരാധനയിൽ സ്തോത്രവും സ്തുതിയുമുണ്ട്.

സ്തോത്രം - ലഭിച്ച നൻമകൾക്കായുള്ള സ്തുതി.

സ്തുതി - ദൈവീക അപദാനങ്ങളെ കീർത്തിക്കുന്നു.

ഇതിനുശേഷം യോഹന്നാൻ സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദേവാലയം തുറക്കുന്നത് കണ്ടു. (മരുഭൂമിയിലെ സമാനകൂടാരം സ്വർഗ്ഗത്തിലെ കൂടാര മാതൃകയാണ്.- പുറ (25 :40)

ഈ ദേവാലയത്തിൽ നിന്നും പുറപ്പെട്ടതാര് ? ഇവരുടെ വേഷം എപ്രകാരം? വെളി: (15: 5,6) വെളി (1:13) ൽ ന്യായാധിപനായ കർത്താവിന്റെ വേഷം -മാറത്ത് പൊൻകച്ചകെട്ടി, നീലയങ്കി ധരിച്ച് ശുദ്ധവും ശുഭ്രവുമായ ഗണവസ്ത്രം ധരിച്ച്, മാറത്ത് പൊൻകച്ചകെട്ടിയ ഇവരെ ന്യായവിധി നടപ്പാക്കുവാൻ, ദൈവം തന്നെ നിയോഗിച്ചതാണ്.- വെളി: (16: 1)

ഇവർക്ക് ഏഴ് പൊൻകലശം നല്കിയത് -നാല് ജീവികളിലൊന്ന് വെളി(15:7)

എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ ക്രോധകലശം ഏറ്റുവാങ്ങിയതിന്റെ അനന്തരഫലം -(15:8) ദൈവാലയത്തിൽ ആശ്രയത്തിനും (സങ്കീ: 84:1-5),മദ്ധ്യസ്ഥതയ്ക്കുമായി കടക്കുന്ന ഇടമാണ്.എന്നാലിവിടെ ആരും ബാധ കഴിയുവോളം ക്ഷമയുടെ കാലം കഴിഞ്ഞതിനാലാണ്.ന്യായവിധി നടന്നേ മതിയാകുകയുള്ളൂ.

പ്രീയ സഹോദരങ്ങളേ! മാറ്റമില്ലാത്ത വചനത്താൽ മാറ്റമുള്ളവരായി,കൃപയുടെ കാലം തക്കത്തിലുപയോഗിക്കുക. ദയവായി വചനം പഠിക്കുവാൻ സമയം കണ്ടെത്തുക. രക്ഷപ്രാപിപ്പാൻ ദൈവം സഹായിക്കട്ടെ.